**പതിനാലാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1566　　　05/02/2019-ൽ മറുപടിയ്ക്ക്**

**<u>സോയിൽ സർവേ ആന്റ് സോയിൽ കൺസർവേഷൻ വകുപ്പിൽ അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ നിയമനം</u>**

| **<u>ചോദ്യം</u>** | **<u>മറുപടി</u>** |
|---|---|
| ശ്രീ.മുഹമ്മദ് മുഹസിൻ.പി | ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| **(എ)** സോയിൽ സർവേ ആന്റ് സോയിൽ കൺസർവേഷൻ വകുപ്പിൽ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലെ ഒഴിവുകൾ നികത്തുന്നതിന പി.എസ്.സി.യ്ക്ക് അറിയിപ്പ് നല്കിയിരുന്നോ; എങ്കിൽ എന്നാണ് അറിയിച്ചതെന്നും, അറിയിക്കുന്ന സമയത്ത് ആ തസ്തികയിൽ എത്ര ഒഴിവുകൾ ഉണ്ടായിരുന്നുവെന്നും അറിയിക്കാമോ; | **(എ)** സോയിൽ സർവേ ആന്റ് സോയിൽ കൺസർവേഷൻ വകുപ്പിൽ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ നിലവിലുള്ള 4 ഒഴിവുകളും കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രസ്തുത ഒഴിവുകൾ നിലവിൽ വന്ന മുറയ്ക്ക് യഥാക്രമം 24.10.2014, 03.06.2016, 30.08.2017, 28.10.2018 എന്നീ തീയതികളിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് ഇത് സംബന്ധിച്ച അറിയിപ്പ് നൽകിയിട്ടുണ്ട്. |
| **(ബി)** നിലവിൽ പ്രസ്തുത തസ്തികയിൽ ജില്ലാ അടിസ്ഥാനത്തിൽ എത്ര ഒഴിവുകൾ ഉണ്ടെന്ന അറിയിക്കാമോ; | **(ബി)** പ്രസ്തുത തസ്തികയിൽ സംസ്ഥാന തലത്തിൽ 4 ഒഴിവുകൾ നിലവിലുണ്ട്. |
| **(സി)** മേൽപ്പറഞ്ഞ തസ്തികയിൽ എംപ്ലോയ്മെന്റ് മുഖേനയോ, കരാർ അടിസ്ഥാനത്തിലോ നിയമനം നടന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ അവർ ഇപ്പോഴും ജോലിയിൽ തുടരുന്നുണ്ടോ; വിശദാംശങ്ങൾ നൽകാമോ? | **(സി)** ഈ തസ്തികയിൽ എംപ്ലോയ്മെന്റ് മുഖേന നിയമനം നൽകിയിട്ടുണ്ട്. 21.04.2018-ൽ ഇന്റർവ്യൂ നടത്തി നിയമനം നൽകിയ 3 പേരിൽ ഒരാൾ 179 ദിവസം പൂർത്തിയാക്കി വിടുതൽ ചെയ്തു. 2 പേർ മറ്റ് ജോലി ലഭിച്ചപ്പോൾ 179 ദിവസം പൂർത്തിയാക്കാതെ വിടുതൽ ചെയ്തു. രണ്ടാമത് 07.12.2018-ൽ ഇന്റർവ്യൂ നടത്തി എംപ്ലോയ്മെന്റ് മുഖേന നിയമനം നൽകിയ രണ്ടുപേരിൽ ഒരാൾ കട്ടപ്പന, മണ്ണ് സംരക്ഷണ അസിസ്റ്റന്റ് ഡയറക്ടർ ആഫീസിൽ ജോലി ചെയ്തു വരുന്നു. മറ്റൊരു ഉദ്യോഗാർത്ഥി ജോലിയിൽ പ്രവേശിച്ചിട്ടില്ല. |

**സെക്ഷൻ ഓഫീസർ**